**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആസാദി @75 സ്വച്ഛ് സർവ്വേക്ഷൺ 2022-ന്റെ ഭാഗമായി കേന്ദ്ര പാർപ്പിടവും നഗരകാര്യവും മന്ത്രാലയം ആരംഭിച്ചിട്ടുള്ള "സ്വച്ഛ് ടെക്നോളജി ചാലഞ്ച്"- മായി ബന്ധപ്പെട്ട് നഗരസഭ/കോർപ്പറേഷനുകൾ സമർപ്പിക്കുന്ന ആശയങ്ങൾ പരിശോധിച്ച് സംസ്ഥാനതലത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ എത്തുന്നവയെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ജൂറി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 193/2022/തസ്വഭവ തിരുവനന്തപുരം, തീയതി 28.01.2022

---

പരാമർശം :-1) കേന്ദ്ര പാർപ്പിടവും നഗരകാര്യ മന്ത്രാലയത്തിൽ നിന്നുള്ള 8.12.2021 തീയതിയിലെ 14/9/2021-എസ്.ബി.എം നമ്പർ കത്ത്

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.01.2022-ലെ **2163/D1/2021/SM** നമ്പർ കത്ത്

<u>**ഉത്തരവ്**</u>

"മാലിന്യ രഹിത നഗരങ്ങൾ" എന്ന ആശയം സാക്ഷാത്കരിക്കുന്നതിനും സാങ്കേതിക ആവാസവ്യവസ്ഥയെയും സാമൂഹിക സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിലൂടെ എസ്.ബി.എം(അർബൻ) 2.0-ൽ മികച്ച പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനും കേന്ദ്ര പാർപ്പിടവും നഗരകാര്യ മന്ത്രാലയം "സ്വച്ഛ് ടെക്നോളജി ചാലഞ്ച്" ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത മത്സരത്തിൽ എല്ലാ നഗരസഭ/കോർപ്പറേഷനുകളുടെയും പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് കേന്ദ്ര പാർപ്പിടവും നഗരകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. വൈദഗ്ദ്യം പ്രയോജനപ്പെടുത്തി ചെലവ് കുറഞ്ഞതും നടപ്പിലാക്കാൻ കഴിയുന്നതുമായ സാങ്കേതിത പരിഹാരങ്ങൾ കണ്ടെത്തുക എന്നതാണ് സ്വച്ഛ് ടെക്നോളജി ചാലഞ്ചിന്റെ ലക്ഷ്യം. രാജ്യത്തുടനീളമായി ഓരോ വിഷയത്തിലും (സാമൂഹിക പ്രാതിനിധ്യം, മാലിന്യ രഹിതം, സുതാര്യത, പ്ലാസ്റ്റിക്ക് മാലിന്യ പരിപാലനം) ആദ്യ മൂന്ന് സ്ഥാനങ്ങളിൽ എത്തുന്ന ആശയങ്ങൾക്ക് സ്വച്ഛ് സർവ്വേക്ഷൺ അവാർഡ്ദാന ചടങ്ങിൽ അവാർഡ് നൽകി ആദരിക്കും. നഗരസഭാതലത്തിൽ ആദ്യ രണ്ട് സ്ഥാനങ്ങളിലെത്തുന്ന ആശയങ്ങളിൽ നിന്ന് സംസ്ഥാനതലത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ എത്തുന്നവരെ തെരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി ഒരു സ്റ്റേറ്റ് ലെവൽ ജൂറി രൂപീകരിക്കണമെന്ന് കേന്ദ്ര പാർപ്പിടവും നഗരകാര്യ മന്ത്രാലയം നിർദേശിച്ചിട്ടുള്ളതിനാൽ സംസ്ഥാനതല ജൂറി രൂപീകരിക്കുന്നതിനുള്ള പ്രൊപോസൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആസാദി @75 സ്വച്ഛ് സർവ്വേക്ഷൺ 2022-ന്റെ ഭാഗമായി കേന്ദ്ര പാർപ്പിടവും നഗരകാര്യവും മന്ത്രാലയം ആരംഭിച്ചിട്ടുള്ള "സ്വച്ഛ് ടെക്നോളജി ചാലഞ്ച്"- മായി ബന്ധപ്പെട്ട്

നഗരസഭ/കോർപ്പറേഷനുകൾ സമർപ്പിക്കുന്ന ആശയങ്ങൾ പരിശോധിച്ച് സംസ്ഥാനതലത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ എത്തുന്നവയെ കണ്ടെത്തുന്നതിനായി താഴെ പറയും പ്രകാരം സംസ്ഥാനതല ജൂറി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

1. അഡീഷണൽ ചീഫ് സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്-ചെയർമാൻ
2. സ്റ്റേറ്റ് മിഷൻ ഡയറക്ടർ-കൺവീനർ
3. ഡയറക്ടർ,നഗരകാര്യ വകുപ്പ്-മെംബർ
4. ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ-മെംബർ
5. സ്റ്റേറ്റ് ലെവൽ ചേംബർ ഓഫ് കൊമേഴ്സിൽ നിന്നുള്ള പ്രതിനിധി -മെംബർ
6. അക്കാഡമീഷ്യൻ/ടെക്നോളജി എക്സ്പേർട്ട്-മെംബർ
7. ഡയറക്ടർ( കുടിവെള്ളം), ശുചിത്വ മിഷൻ-മെംബർ
8. ഡയറക്ടർ(SWM), ശുചിത്വ മിഷൻ-മെംബർ
9. ഡയറക്ടർ(LWM), ശുചിത്വ മിഷൻ-മെംബർ
10. കുടുംബശ്രീ മിഷനിൽ നിന്നുള്ള പ്രതിനിധി -മെംബർ
11. ഹരിതകേരളം മിഷനിൽ നിന്നുള്ള പ്രതിനിധി -മെംബർ
12. ക്ലീൻ കേരള കമ്പനിയിൽ നിന്നുള്ള പ്രതിനിധി -മെംബർ

ശാരദാ മുരളീധരൻ ഐ.എ.എസ്
ഗവ.അഡീഷണൽ ചീഫ് സെക്രട്ടറി
(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

സ്വച്ഛ് ടെക്നോളജി ചലഞ്ച്- സംസ്ഥാനതല ജൂറിയിലെ എല്ലാ അംഗങ്ങൾക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ramnikumar

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്